ഉത്തരം

(എ) ഉണ്ട്.

(ബി) കർണ്ണാടക സംസ്ഥാനത്തിൽനിന്നും ലഭിക്കുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് 80 പൈസയും തമിഴ്നാട് വൈദ്യുതിക്ക് യൂണിറ്റൊന്നിന് 65 പൈസയുമാണ് വില. ഇത് അതാത് സംസ്ഥാനത്തെ സപ്ലൈ പോയിന്റിലെ നിരക്കാണ്. ഇതിൽ പ്രസരണ-വിതരണത്തിൽ വരുന്ന നഷ്ടവും നികുതികളും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇല്ല.

കൃഷി നാശത്തിനുള്ള നഷ്ടപരിഹാരം

224. [277] ശ്രീ.വി.ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വരൾച്ചമൂലമോ വെള്ളപ്പൊക്കംമൂലമോ കൃഷിനാശം സംഭവിച്ച കർഷകർക്ക് ഇപ്പോഴും നഷ്ടപരിഹാരം നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ;

(സി) പ്രസ്തുത തുക അപര്യാപ്തമാണെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നൽകുന്നുണ്ട്.

(ബി) ഓരോ വിളയ്ക്കും ഓരോ തോതിലാണ് നഷ്ടപരിഹാരം നൽകുന്നത്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

1.	നെല്ല്	—	ഹെക്ടറിന് പരമാവധി 300 രൂപ
2.	തെങ്ങ്	—	ഒന്നിന് പരമാവധി 125 രൂപ
3.	വാഴ	—	കുലച്ചതിന് 12.50 രൂപ കുലയ്ക്കാത്തതിന് 7.50 രൂപ
4.	കമുക്	—	ഒന്നിന് 25 രൂപ
5.	മരച്ചീനി	—	ഹെക്ടറിന് 250 രൂപ
6.	റബ്ബർ	—	മരമൊന്നിന് 40 രൂപ
7.	ഇഞ്ചി	—	ഹെക്ടറിന് 500 രൂപ
8.	നിലക്കടല	—	ഹെക്ടറിന് 300 രൂപ
9.	കുരുമുളക്	—	വള്ളി ഒന്നിന് 7 രൂപ
10.	കാപ്പി	—	ചെടി ഒന്നിന് 15 രൂപ
11.	കൊക്കൊ	—	ചെടി ഒന്നിന് 15 രൂപ
12.	പറങ്കിമാവ്	—	മരം ഒന്നിന് 25 രൂപ
13.	മറ്റു വിളകൾക്ക്	—	ഹെക്ടറിന് പരമാവധി 200 രൂപ.

(സി) ഉണ്ട്.

(ഡി) 20-7-1985-ലെ സർക്കാർ ഉത്തരവ് എം. എസ്. 225/85/കൃഷി പ്രകാരം തെങ്ങ്, വാഴ, ഇഞ്ചി, നിലക്കടല, കുരുമുളക്, എന്നീ വിളകൾക്കുള്ള നഷ്ടപരിഹാരത്തുക പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly